# കേളോത്ത് ഈസ

**കളങ്കലേശമില്ലാത്ത** മനസ്സും ആവേശവും കൈ മുതലാക്കി ഉയിരും ഉടലും പ്രസ്ഥാനത്തിനു സമർപ്പിച്ചിരുന്ന സാദാ പ്രവർത്തകർ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആദ്യകാല ശക്തിയും ആവേശവുമായിരുന്നു. പാണ്ഡിത്യത്തിൽ ഇരുത്തം വന്ന പ്രസ്ഥാനനായകരുടെ ഗുരുമുഖങ്ങളിൽനിന്ന് സന്ദേശം ഏറ്റുവാങ്ങിയ ഇത്തരം നിഷ്കാമകർമികളായ സാധാരണ മനുഷ്യരെ പ്രസ്ഥാനം മുളപൊട്ടിയ ഗ്രാമങ്ങളിലൊക്കെയും കാണാൻ കഴിയും. ഈയിടെ ഉളിയിൽ അന്തരിച്ച കേളോത്ത് ഈസ ഈ ഗണത്തിൽപെട്ട ഒരിസ്‌ലാമിക പ്രവർത്തകനായിരുന്നു.

പ്രസ്ഥാന പ്രസിദ്ധീകരണങ്ങളും *പ്രബോധന*വും ശരീരത്തിലെ ഒരവയവം കണക്കെ കൊണ്ടുനടന്നിരുന്ന ഈസാക്ക ഞങ്ങളുടെയാകെ ബാല്യകാല വിസ്മയക്കാഴ്ചയായിരുന്നു. പ്രസ്ഥാനത്തിന്റെ മാത്രമല്ല ഉളിയിൽ എന്ന ഗ്രാമത്തിന്റെ തന്നെ ഉപ്പും വെള്ളവുമായിരുന്നു കേളോത്ത് ഈസ എന്ന് പറയുന്നതാവും ശരി. രോഗശുശ്രൂഷ, പള്ളി പരിപാലനം, സ്കോഡ് പ്രവർത്തനം, അഗതി സംരക്ഷണം തുടങ്ങി കേളോത്ത് ഈസയുടെ കരസ്പർശമേൽക്കാത്ത ഒരു മേഖലയും ഈ ഗ്രാമത്തിലുണ്ടായിരുന്നില്ല. നാട്ടിൽ പ്രാസ്ഥാനികമായ ഒരടിയന്തര ആൾസഹായം അനിവാര്യമാകുമ്പോൾ മർഹൂം കെ. എൻ അബ്ദുല്ല മൗലവിയും 'നമ്മുടെ ഈസാക്കയെ' തന്നെയായിരുന്നു തേടിയിരുന്നത്. ബാലാരിഷ്ടതകൾ താണ്ടാൻ പെടാപ്പാട് പെടുകയും ഏജന്റുമാർ ഏറ്റെടുക്കാൻ അറച്ചുനിൽക്കുകയും ചെയ്തിരുന്ന ആദ്യനാളുകളിൽ *മാധ്യമം* ഏറ്റെടുത്ത് പുലർകാലങ്ങളിൽ വീടുവീടാന്തരം കയറിയിറങ്ങി വിതരണം ചെയ്യാനും ഈസാക്ക മാത്രമേ ഉണ്ടായിരുന്നുള്ളൂ. പ്രായം ആ കാലുകളെ തളർത്തിയപ്പോൾ മക്കളെ തന്നെ അദ്ദേഹം ആ ദൗത്യം ഏൽപിച്ചു.

ഉളിയിൽ പഴയ ജുമുഅത്ത് പള്ളി എന്നാൽ ഈസാക്കയും ഈസാക്കയെന്നാൽ പള്ളിയുമായിരുന്നു അടുത്ത കാലം വരെ. വാരാന്ത അവധിക്ക് നാട്ടിൽ പോയ ഖതീബ് തിരിച്ചെത്താൻ വൈകിയാൽ ജുമുഅക്ക് മിമ്പറിൽ കയറുന്നതും ഈസാക്ക തന്നെ. രോഗവും പ്രായാധിക്യവും സമ്മാനിച്ച സന്ദർഭങ്ങളിൽ പോലും പ്രസ്ഥാനവും പ്രസിദ്ധീകരണങ്ങളും കടന്നുവരുമ്പോൾ ഉപബോധമനസ്സിൽ മാത്രമല്ല ഈസാക്കയുടെ രക്തത്തിലും, ഉഛ്വാസ നിശ്വാസങ്ങളിൽ പോലും പ്രസ്ഥാനം തുടിക്കുന്നതായി തോന്നിയിട്ടുണ്ട്. കാസർകോട് ആലിയ കോളേജിൽ അൽപകാലം പഠിതാവായിരുന്ന അദ്ദേഹം മക്കൾ പ്രസ്ഥാന സ്ഥാപനങ്ങളിൽതന്നെ പഠിക്കണമെന്ന് കണിശത പുലർത്തുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തു. ജന്നാത്തുൽ ഫിർദൗസിൽ ജഗന്നിയന്താവ് അദ്ദേഹത്തെയും നമ്മെയും ഒരുമിച്ചുകൂട്ടുമാറാകട്ടെ - ആമീൻ.

**ബശീർ ഉളിയിൽ**